

# ഞാൻ എന്തുകൊണ്ട് സോളിഡാരിറ്റിയുമായി സഹകരിക്കുന്നു?

>> അഭിപ്രായം



സി.ആർ നീലകണ്ഠൻ

**തുടക്കം** മുതൽ സോളിഡാരിറ്റിയെന്ന യുവജനപ്രസ്ഥാനവുമായി അടുത്തിടപഴകാൻ അവസരം കിട്ടിയ വ്യക്തിയാണ് ഈ ലേഖകൻ. അവർ മുന്നോട്ടുവെക്കുന്ന പ്രത്യയശാസ്ത്രം പഠിച്ചുകൊണ്ടല്ല അവരുടെ പരിപാടികളിൽ പങ്കെടുത്തത്. അല്ലെങ്കിൽതന്നെ ഇന്നത്തെ കാലത്ത് ഒരു കക്ഷിയോ സംഘടനയോ പറയുന്ന പ്രത്യയശാസ്ത്രങ്ങളിലൊന്നും ഒരു കാര്യവുമില്ലെന്നാർക്കാണറിയാത്തത്? ഞാൻ സോളിഡാരിറ്റിയെന്ന സംഘടനയെ അറിയുന്നത് നിരവധി സമരമുഖങ്ങളിൽനിന്നാണ്. എന്റേതായ സാമൂഹിക, രാഷ്ട്രീയ വീക്ഷണങ്ങൾ വെച്ചുകൊണ്ടാണ് ഈ ജനകീയസമരങ്ങളെ പിന്തുണക്കാൻ തീരുമാനിച്ചത്. എന്നാൽ, ഞാൻ ചെന്ന മിക്ക സമരമുഖങ്ങളിലും ഇവരുടെ സാന്നിധ്യം ശ്രദ്ധിച്ചപ്പോഴാണ് എന്താണിവരുടെ പ്രത്യയശാസ്ത്ര നിലപാടെന്നറിയാൻ ആഗ്രഹം ഉദിച്ചത്. അത്തരത്തിലുള്ള ഒരു അന്വേഷണത്തിലൂടെ എന്റെ നിലപാടുകളുമായി ഒട്ടനവധി സാമ്യം ഇവരുടെ നിലപാടുകൾക്കുണ്ടെന്നു കണ്ടെത്തിയത്.

ഇന്ന് നാട്ടിൽ നടക്കുന്ന ജനകീയ സമരങ്ങളുടെ രാഷ്ട്രീയം ഇവർ തിരിച്ചറിഞ്ഞിരിക്കുന്നുവെന്നതാണ് പ്രധാന സാമ്യം. കുറച്ചു വർഷങ്ങൾ മുമ്പുവരെ ജനകീയ സമരങ്ങളെന്നാൽ മുഖ്യധാരയിലെ രാഷ്ട്രീയ കക്ഷികളോ ജാതി മത സംഘടനകളോ നടത്തുന്നവയായിരുന്നു. ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ പ്രാതിനിധ്യമേറ്റെടുത്തുകൊണ്ടാണ് ഇവർ സമരം നടത്തിയിരുന്നത്. അത്തരം സമരങ്ങൾക്ക് ശക്തരായ സംഘടനകളുടെ സംഘടനാപരവും സാമ്പത്തികവുമായ പിന്തുണ ലഭിക്കുന്നുവെന്നതിനാൽ ഇവരുടെ എതിരാളികളുമായി ശക്തിയിൽ ഒരു ബലാബലം ഉണ്ടായിരുന്നു. എന്നാൽ ഇന്നത്തെ സമരം തീർത്തും വ്യത്യസ്തമാണ്. പ്രത്യക്ഷത്തിൽ ഒരു പക്ഷം ദുർബലമായിരിക്കും. ആദിവാസികളും ദലിതരും മത്സ്യത്തൊഴിലാളികളും മറ്റുമടങ്ങുന്ന പാർശ്വവത്കൃതരാണ് മിക്ക സമരങ്ങളും നടത്തുന്നത്. മിക്കവാറും പ്രമുഖ രാഷ്ട്രീയ കക്ഷികളൊന്നും സമരത്തെ സഹായിക്കാറില്ല (അപൂർവം ചില അപവാദങ്ങളുണ്ടാകും. പുറമെ പ്രതിപക്ഷ കക്ഷികൾ -ഏതു മുന്നണിയായാലും- ഇത്തരം സമരങ്ങളെ ചില ഘട്ടങ്ങളിൽ സഹായിക്കാറുണ്ട്. പക്ഷേ അത് ഭരണമാറ്റം വരെ മാത്രം). ഈ അവസരത്തിൽ ദുർബലരുടെ പക്ഷംചേരുകയെന്നത് ധർമമാണല്ലോ. ഇത്തരം സമരങ്ങളെല്ലാം സ്വന്തം ജീവിതം ചോദ്യം ചെയ്യപ്പെടുന്ന ജനങ്ങൾ നടത്തുന്നതാണ്. പ്രകൃതിവിഭവങ്ങൾ മൂലധനശക്തികൾ കൊള്ളയടിക്കുന്നതിനെതിരായാണ് ഈ സമരങ്ങളിൽ വലിയൊരു പങ്കും. മണ്ണ്, വെള്ളം, വായു, പുഴ, കടൽ, മണൽ, കടലോരം, കായൽ, മല, വനം തുടങ്ങിയവയെല്ലാം കൈയടക്കാൻ സ്വദേശികളും



**മൂന്നാർ കൈയേറ്റമൊഴിപ്പിക്കലിൽ തളർച്ചയുണ്ടായപ്പോൾ അതിനെതിരെയും സോളിഡാരിറ്റി ശക്തമായി രംഗത്തുവന്നു. വൻകിട വികസന പദ്ധതികളുടെ മറവിൽ തീരദേശ വാസികളെ കുടിയൊഴിപ്പിക്കുന്നതിനെതിരെ കേരളമൊട്ടാകെ അവർ നടത്തിയ പ്രചാരണ പരിപാടികൾക്കും വ്യാപകമായ പിന്തുണ കിട്ടി. ചെറുകിട വ്യാപാര മേഖലയിലേക്ക് കുത്തകകൾ കടന്നുവരുന്നതിനെതിരെ കേരളത്തിന്റെ പല ഭാഗത്തും നടക്കുന്ന സമരങ്ങളിൽ സോളിഡാരിറ്റിയുടെ പങ്കാളിത്തം വളരെ ശക്തമാണ്.**

വിദേശികളുമായ കുത്തകകൾ മത്സരിക്കുന്നു. നമ്മുടെ ഭരണകൂടങ്ങളും പ്രമുഖ രാഷ്ട്രീയ കക്ഷികളുമെല്ലാം ഇവരെ സഹായിക്കുന്നവരാണ്. 'മൂലധനസൗഹൃദം' എന്നതാണിവരുടെയെല്ലാം നിലപാട്. മൂലധനം വരുന്നതിലൂടെയാണ് വികസനം സാധ്യമാകുകയെന്ന് ഇവരെല്ലാം കരുതുന്നു. എന്നാൽ ഇവരുടെ 'വികസന പദ്ധതികൾ' കൊള്ളയടിക്കുന്നത്, ദരിദ്രരും ദുർബലരുമായ ജനതയുടെ ജീവനോപാധികളാണ്. വികസനത്തിനായി കുറഞ്ഞ വില നൽകി ജനങ്ങളെ സ്വന്തം ഭൂമിയിൽനിന്നും കുടിയൊഴിപ്പിച്ച് മൂലധനശക്തികൾക്കു നൽകുന്ന ഏജന്റുമാരായി സർക്കാറുകൾ മാറുന്നു. സ്വന്തം നിലനിൽപിനുവേണ്ടി സമരം ചെയ്യുന്ന ജനങ്ങൾക്കെതിരെ ഭരണകൂടം അതിന്റെ എല്ലാ ശക്തികളും പ്രയോഗിക്കുന്നു.

സോളിഡാരിറ്റി പങ്കെടുത്ത സമരങ്ങളുടെ നിര വളരെ നീണ്ടതാണ്. കേരളത്തിന്റെ തെക്കു വടക്ക് നടക്കുന്ന സമരങ്ങളിൽ ഇവരുടെ സാന്നിധ്യമുണ്ട്. കാസർകോട് ജില്ലയിലെ കശുമാവിൻ തോട്ടത്തിൽ വർഷങ്ങളായി ഹെലികോപ്ടറുപയോഗിച്ച് എൻഡോസൾഫാൻ തളിച്ചതിന്റെ ഫലമായി നൂറുകണക്കിന് കുടുംബങ്ങളിലെ ആയിരക്കണക്കിന് മനുഷ്യർ മാരകമായ രോഗബാധിതരാണ്. ഇവരെ മാറി മാറിവന്ന ഭരണകൂടങ്ങൾ അവഗണിക്കുകയായിരുന്നു. കീടനാശിനിപ്രയോഗം നിരോധിക്കാൻ പോലും അവർക്ക് ഏറെ ആലോചിക്കേണ്ടിവന്നു. രോഗത്തിനു വേണ്ട ചികിത്സ നൽകാനോ നഷ്ടപരിഹാരം നൽകാനോ ഭരണകൂടങ്ങൾ തയാറായില്ല. ഈ ജനതക്കുവേണ്ടി സമരരംഗത്തിറങ്ങുക മാത്രമല്ല, അവർക്കുവേണ്ടി കേരളത്തിന്റെ പല ഭാഗത്തുനിന്നുമായി അനേക ലക്ഷം രൂപ പിരിക്കാനും അത് വളരെ ന്യായമായ രീതിയിൽ വിനിയോഗിക്കാനും സോളിഡാരിറ്റിക്ക് കഴിഞ്ഞു. പ്ലാച്ചിമടയിൽ നടക്കുന്ന സമരത്തിൽ സോളിഡാരിറ്റിയുടെ പങ്ക് വളരെ വലുതാണ്. സമരപന്തൽ നിലനിർത്താൻ ഏറെ സഹായങ്ങൾ നൽകിയെന്നു മാത്രമല്ല കേരളത്തിന്റെ എല്ലാ ഭാഗത്തും ഐക്യദാർഢ്യ സമിതികളുണ്ടാക്കുന്നതിലും അവർക്ക് കാര്യമായ പങ്കുണ്ട്. എക്സ്പ്രസ് ഹൈവേക്കെതിരായ സമരത്തിൽ കേരളത്തിന്റെ എല്ലാ ഭാഗത്തും, വിശേഷിച്ച് ഉത്തര-മധ്യ കേരളത്തിൽ സോളിഡാരിറ്റി വഹിച്ച പങ്ക് വളരെ വലുതാണ്. ആലപ്പുഴയിലെ കരിമണൽ ഖനന പദ്ധതി, വിളച്ചിക്കാലയിലെ കളിമണൽ ഖനനം, അതിരപ്പള്ളി-പാത്രക്കടവ് ജല വൈദ്യുത പദ്ധതികൾ, ഏലൂരിലെ മലിനീകരണം, കരിമുകളിലെ കാർബൺ കമ്പനിയുടെ ജനദ്രോഹം, വല്ലാർപാടം പദ്ധതിക്കായുള്ള കുടിയിറക്കിനെതിരായ സമരം, എരയാംകുടിയിലേയും മുരിയാട്ടേയും കർഷക സമരം, സ്മാർട്ട് സിറ്റി, ഉത്തരവാദ ടൂറിസം തുടങ്ങിയവക്കെതിരായ സമരങ്ങൾ, നാടിന്റെ പല ഭാഗത്തും നടക്കുന്ന പാറമട ഖനനങ്ങൾക്കെതിരായ സമരങ്ങൾ തുടങ്ങി നിരവധിയാണ് ഇവർ പങ്കെടുത്ത സമരമുഖങ്ങൾ. മൂന്നാർ കൈയേറ്റമൊഴിപ്പിക്കലിൽ തളർച്ചയുണ്ടായപ്പോൾ അതിനെതിരെയും സോളിഡാരിറ്റി ശക്തമായി രംഗത്തുവന്നു. വൻകിട വികസന പദ്ധതികളുടെ മറവിൽ തീരദേശ വാസികളെ കുടിയൊഴിപ്പിക്കുന്നതിനെതിരെ കേരളമൊട്ടാകെ അവർ നടത്തിയ പ്രചാരണ പരിപാടികൾക്കും വ്യാപകമായ പിന്തുണ കിട്ടി. ചെറുകിട വ്യാപാര മേഖലയിലേക്ക് കുത്തകകൾ കടന്നുവരുന്നതിനെതിരെ കേരളത്തിന്റെ പല ഭാഗത്തും നടക്കുന്ന സമരങ്ങളിൽ സോളിഡാരിറ്റിയുടെ പങ്കാളിത്തം വളരെ ശക്തമാണ്.

ഇന്നുനടക്കുന്ന ജനകീയ സമരങ്ങളുടെ രാഷ്ട്രീയം തിരിച്ചറിഞ്ഞ്, ആ രാഷ്ട്രീയത്തെ അടിസ്ഥാനപരമായിത്തന്നെ ചെറുക്കുന്ന പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിലും സോളിഡാരിറ്റി ഏർപ്പെടുന്നു. 'മുതലാളിത്തം വലിച്ചെറിയുക' എന്ന വിഷയത്തിൽ കേരളത്തിന്റെ പല ഭാഗത്തും നടത്തിയ പ്രചാരണത്തിൽ, പ്രകൃതിക്കും മനുഷ്യനും ഭാവിതലമുറകൾക്കും ദ്രോഹകരമാണ് മുതലാളിത്തമെന്ന് പ്രചരിപ്പിക്കുന്നതിലൂടെ ഇന്നത്തെ പ്രശ്നങ്ങളുടെ മർമം ഇവർ തിരിച്ചറിഞ്ഞതായി കാണാം. ഇന്ന് മുതലാളിത്തവും സാമ്രാജ്യത്വവും നമ്മുടെ സമൂഹത്തിൽ ആധിപത്യമുറപ്പിക്കുന്നത് 'വികസന'മെന്ന വഴിയിലൂടെയാണെന്നും, ആ വികസനം മണ്ണിനും മനുഷ്യനുമെതിരാണെന്നുമുള്ള ശക്തമായ പ്രചാരണ പരിപാടിക്കും സോളിഡാരിറ്റി നേതൃത്വം നൽകി.

സോളിഡാരിറ്റിയുടെ ഇടപെടൽ രീതികളിലും വ്യത്യസ്തതയുണ്ടായിരുന്നു. തങ്ങൾ ഇടപെടുന്ന പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിക്കുന്നു. ആത്മാർഥതയോടെ സംഘടനാശേഷി മുഴുവനായും ആ സമരത്തിനു നൽകുന്നു. സമരത്തെ പിന്തുണക്കാനെത്തുന്നവരുടെ പ്രത്യയശാസ്ത്ര നിലപാടുകൾ, അവരുമായി സഹകരിക്കുന്നതിൽ സോളിഡാരിറ്റിക്ക് തടസ്സമാകുന്നില്ല. തങ്ങളുടെ ജീവിതം നിലനിർത്താൻ സമരം ചെയ്യുന്നവർ, ആരുടെ സഹായം ലഭിച്ചാലും സ്വീകരിക്കുകയെന്നത് സ്വാഭാവികം മാത്രം. അതേ നിലപാട് സമരത്തെ പിന്തുണക്കുന്നവർക്കുമുണ്ടാ




യിരിക്കണം എന്നതാണ് ശരിയായ കാഴ്ചപ്പാട്. കാരണം സമരം ചെയ്യുകയല്ല, സമരത്തെ സഹായിക്കുകയെന്നതാണ് തങ്ങളുടെ കടമയെന്നവർ തിരിച്ചറിയുന്നു.

സോളിഡാരിറ്റിയുമായിട്ടുള്ള അടുപ്പത്തിനെതിരെ ഈ ലേഖകനുതന്നെ നിരവധി വിമർശനങ്ങൾ ഏൽക്കേണ്ടിവന്നിട്ടുണ്ടെന്ന വസ്തുതയും ഇവിടെ പറയേണ്ടതുണ്ട്. ഏറെക്കാലമായി ഇടതുപക്ഷ രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന വ്യക്തിയെന്ന നിലയിൽ ഒരു മതാധിഷ്ഠിത സംഘടനയുടെ വേദികളിൽ പോകുന്നതിലൂടെ, അവർക്ക് പൊതുസമൂഹത്തിൽ അംഗീകാരം നേടാൻ സഹായിക്കുന്നുവെന്നതാണ് പ്രധാന വിമർശനം. 'സോളിഡാരിറ്റിയുടെ വേദിയിൽ ഞാൻ പോകില്ലെന്ന്' പ്രഖ്യാപിക്കുന്നത് മതേതര പുരോഗമന കാഴ്ചപ്പാടാണെന്ന് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് എനിക്കുനേരെ വെല്ലുവിളി ഉയർത്തിയവരുമുണ്ട്. സോളിഡാരിറ്റിക്ക് വർഗീയതയുടെ ഒരു 'ഹിഡൻ അജണ്ട'യുണ്ടെന്ന രീതിയിലുള്ള പ്രചാരണവും ശക്തമാണ്.

ഇവിടെ എന്റെ ചില നിലപാടുകൾ വ്യക്തമാക്കേണ്ടതുണ്ട്. മതാധിഷ്ഠിതമായ പ്രവർത്തനം എന്നത്, വർഗീയതയായി കാണുന്നതിനോട് യോജിക്കാനാവില്ല. വർഗീയതക്കടിസ്ഥാനം മതവിശ്വാസമല്ല, മറിച്ച് മതത്തിൽ വിശ്വസിക്കാതിരിക്കലും മതത്തെ തികഞ്ഞ ഭൗതിക നേട്ടങ്ങൾക്കായി വിനിയോഗിക്കലുമാണ്. വർഗീയവാദികൾ മിക്കപ്പോഴും ശരിയായ വിശ്വാസികളാകാറില്ലെന്നത് ചരിത്രപാഠമാണ്. സമരത്തിലേർപ്പെടുന്നവരുടെ മതം നോക്കിയല്ല സോളിഡാരിറ്റി ഇടപെടുന്നതെന്ന് അനുഭവം തെളിയിക്കുന്നു. ഒരു ഇസ്‌ലാംമത വിശ്വാസി പോലുമില്ലാത്ത സമരങ്ങളിൽ അവർ ശക്തമായി ഇടപെടുകയും നീതിയുടെ പക്ഷത്ത് നിലകൊള്ളുകയും ചെയ്യുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ അന്യമതസ്ഥരെ മതപരിവർത്തനം നടത്താൻ അവർ ശ്രമിക്കുമെന്ന് ഇന്നത്തെ അവസ്ഥയിൽ അവരുടെ കടുത്ത ശത്രുക്കൾ പോലും പറയുകയില്ല. ഇത്തരം സമരങ്ങളിൽ ഏർപ്പെടുന്നതിനു മതവിശ്വാസമാണ് അവരെ പ്രേരിപ്പിക്കുന്നതെന്ന കാര്യം അവർ മറച്ചു വെക്കുന്നില്ല (ഹിഡൻ അജണ്ടയല്ല). എന്നാൽ മറ്റു വീക്ഷണങ്ങളിലൂടെ സമരത്തെ സഹായിക്കാനെത്തുന്നവരുമായി ഇവർക്ക് യാതൊരു സംഘർഷവുമില്ല. ഏതു വഴിയിലൂടെ സഞ്ചരിച്ചാലും നാം 'ശരി'യിൽ എത്തുന്നുവെങ്കിൽ ആ യാത്ര ശരിതന്നെയാണ്. സ്വന്തം മതത്തിനകത്തെ തെറ്റുകൾ അവർ ഉയർത്തിക്കാട്ടാനും മടിക്കുന്നില്ല. 'വളരെ ശരിയായ മതേതര പുരോഗമന കാഴ്ചപ്പാടു'ണ്ടെന്ന് അവകാശപ്പെടുന്നവരെയൊന്നും ഇത്തരം സമരങ്ങളിൽ കാണാറില്ലല്ലോ. ഒരനുഭവം (മുമ്പൊരിക്കൽ എഴുതിയതാണെങ്കിലും) ഇവിടെ പ്രസക്തമാണെന്നു തോന്നുന്നു. സൂനാമിത്തിരമാലകൾ നൂറിലധികം പേരുടെ ജീവനപഹരിച്ച ആലപ്പാട്ട് കടപ്പുറത്ത് സോളിഡാരിറ്റി പ്രവർത്തകർ മറ്റു പലരോടുമൊപ്പം ദുരിതാശ്വാസ പ്രവർത്തനത്തിലേർപ്പെടുകയുണ്ടായി. അവിടെ മരിച്ചവരിൽ ബഹുഭൂരിപക്ഷവും ഹിന്ദുമത വിശ്വാസികളായിരുന്നു. മൃതശരീരത്തിനടുത്ത് ഒരു നിലവിളക്ക് വെക്കുകയെന്നത് അവരുടെ ആചാരമായിരുന്നു. ഇത്തരത്തിൽ നിലവിളക്കു ശേഖരിക്കുന്നതിനു വേണ്ടി ചുറ്റുപാടുമുള്ള പല വീടുകളിലും കയറിയിറങ്ങിയ സോളിഡാരിറ്റി പ്രവർത്തകരെ ഞാൻ നേരിൽ കാണുകയുണ്ടായി. നിലവിളക്കു കൊളുത്തുന്നത് മതവിശ്വാസത്തിനെതിരാണെന്ന ന്യായമുന്നയിച്ച് മുസ്‌ലിം ലീഗുകാരായ മന്ത്രിമാർ ഇവിടെ വിവാദമുയർത്തിയിരുന്നല്ലോ. അത് മതാധിഷ്ഠിത രാഷ്ട്രീയ ചൂഷണമാണെന്ന് അതേ മന്ത്രിമാരുടെ മറ്റു പല പ്രവൃത്തികളിലൂടെ (മതവിരുദ്ധ നിലപാടുകളിലൂടെ) നമുക്ക് ബോധ്യപ്പെട്ടതാണ്. ഈ സാഹചര്യത്തിലാണ് ആലപ്പാട്ട് കടപ്പുറത്തുള്ള വീടുകൾ കയറി മൃതദേഹത്തിനരികിൽ വെക്കാനുള്ള നിലവിളക്ക് തേടിയ സോളിഡാരിറ്റി പ്രവർത്തകരോട് ബഹുമാനം തോന്നിയത്. തന്റെ വിശ്വാസമെന്നതുപോലെ മറ്റൊരുത്തന്റെ വിശ്വാസവും പ്രധാനമാണെന്നവർ കരുതുന്നു. അതാണ് ജനാധിപത്യം. അതാണിന്ന് സമൂഹത്തിൽ ദുർബലമായിക്കൊണ്ടിരിക്കുന്നതും!

ആസൂത്രിതവും സംഘടിതവും സമർപ്പിതവുമായ പ്രവർത്തനങ്ങളിലൂടെ സോളിഡാരിറ്റി പോലൊരു പ്രസ്ഥാനം ജനകീയ സമരരംഗത്തെത്തുന്നതോടെ മുഖ്യധാരാ കക്ഷികൾക്ക് അത് അവഗണിക്കുക എളുപ്പമല്ലാതാകുന്നു. 'ഇടതുപക്ഷത്തുള്ള യുവജനങ്ങളെ കുടുക്കാൻ' ഇടതുപക്ഷ സ്വഭാവവും രീതിയുമുള്ള ഗാനങ്ങൾ ഇവർ തയാറാക്കി പാടുന്നുവെന്ന വിമർശനം തന്നെ പരിശോധിക്കുക. ജനങ്ങൾ ദുരിതത്തിനെതിരായി സമരം നടത്തുമ്പോൾ ഈ ഇടതുപക്ഷക്കാരെ അവിടെ കാണാത്തതെന്തുകൊണ്ട് എന്ന സംശയമാണ് നാം ഉയർത്തേണ്ടത്. യഥാർഥ പ്രശ്നം അതല്ല. ജനകീയ വിഷയങ്ങൾ സമൂഹത്തിൽ ശക്തമായി ഉന്നയിക്കപ്പെടുമ്പോൾ, അതിൽ കൃത്യമായി നിലപാടെടുക്കാൻ മറ്റു യുവജന സംഘടനകൾക്ക് കഴിയാറില്ലെന്നതുതന്നെ അവരുടെ ദൗർബല്യം വ്യക്തമാക്കുന്നു. അധിനിവേശത്തിനും മുതലാളിത്തത്തിനും പരിസ്ഥിതി വിനാശത്തിനുമെതിരായ സമരങ്ങൾ നിലനിൽക്കുന്നേടത്തോളം കാലം സോളിഡാരിറ്റിക്ക് നമ്മുടെ സമൂഹത്തിൽ പ്രസക്തിയുണ്ടാകും. ■